**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6843** **21-03-2023 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം മിനി സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. ടി. എ. റഹീം</td><td colspan="2">ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കുന്ദമംഗലം മിനി സിവിൽസ്റ്റേഷനിൽ നിലവിലുള്ള ഓരോ നിലയിലും ഏതൊക്കെ മുറികളിൽ ഏതെല്ലാം ഓഫീസുകളാണ് പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ;</td><td>(എ)</td><td>കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിൽ നിലവിലുള്ള ഓരോ നിലയിലും പ്രവർത്തിച്ചു വരുന്ന ഓഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>നില</th><th>പ്രവർത്തിക്കുന്ന ഓഫീസുകൾ</th></tr>
<tr><td>1</td><td>ഒന്നാം നില</td><td>പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, കൃഷി ഭവൻ, സർവ്വേ സ്കൂൾ</td></tr>
<tr><td>2</td><td>രണ്ടാം നില</td><td>വെയർ ഹൗസിംഗ് കോർപ്പറേഷൻ</td></tr>
<tr><td>3</td><td>മൂന്നാം നില</td><td>സർവ്വെ സ്കൂൾ, ക്ഷീര വികസന വകുപ്പ്, എക്സൈസ് റേഞ്ച് ഓഫീസ്</td></tr>
<tr><td>4</td><td>നാലാം നില</td><td>അനർട്ട്, ഭൂജല വകുപ്പ്, റീജിയണൽ അനലിസ്റ്റിക് ലബോറട്ടറി, ആർക്കൈവ്സ് സബ്ബ് സെന്റർ</td></tr>
</table></td></tr>
<tr><td>(ബി)</td><td>കുന്ദമംഗലം മിനി സിവിൽസ്റ്റേഷനിൽ ഏതൊക്കെ നിലകളിൽ ഏതെല്ലാം മുറികളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിൽ രണ്ടാം നിലയിലെ റൂം നം. 19, 20, 21 എന്നിവ കെ.എസ്.ഇ.ബി-ക്ക് അനുവദിച്ചിട്ടുള്ളതാണെങ്കിലും പ്രസ്തുത ഓഫീസ് ഇതുവരെ അവിടെ ഷിഫ്റ്റ് ചെയ്തിട്ടില്ലായെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>പൊതു ആവശ്യങ്ങൾക്കായി ഏതെല്ലാം മുറികളാണ് ഒഴിച്ചിട്ടിട്ടുള്ളത്; ഇവ എന്തൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാവുന്നതെന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>കോൺഫറൻസ് ഹാളായി ഉപയോഗിക്കുന്നതിന് 900 ചതുരശ്ര അടി സ്ഥലം പൊതുവായി അനുവദിച്ചിട്ടുള്ളതാണ്.</td></tr>
<tr><td>(ഡി)</td><td>പ്രസ്തുത കെട്ടിടത്തിൽ പുതുതായി ഏതെങ്കിലും ഓഫീസുകൾ ആരംഭിക്കുന്നതിന് സ്ഥലം അനുവദിക്കാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ</td><td>(ഡി)</td><td>റവന്യൂ ഉദ്യോഗസ്ഥർക്ക് ഹയർ സർവ്വേ പരിശീലനം നൽകുന്നതിനു വേണ്ടി റൂമുകൾ അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളതും റൂമിന്റെ ഒഴിവുകൾ</td></tr>
</table>

| | | | |
|---|---|---|---|
| | എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് ;വിശദമാക്കാമോ? | | സംബന്ധിച്ച് കോഴിക്കോട് തഹസീൽദാരിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും പ്രസ്തുത വിഷയം എസ്റ്റേറ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. |

സെക്ഷൻ ഓഫീസർ